# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*299** **07.10.2016 ൽ മറുപടിയ്ക്ക്**

## തരിശുഭൂമിയിൽ കൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.സ്വരാജ്**<br>**ശ്രീ.കെ.രാമചന്ദ്രൻ നായർ**<br>**ശ്രീമതി.പി.അയിഷാ പോറ്റി**<br>**ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ തരിശുഭൂമികളിൽ കൃഷി ചെയ്യുന്നതിന് വിപുലമായ പദ്ധതികൾ നടപ്പിലാക്കുമോ; | എ) | സംസ്ഥാനത്തെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി നെൽകൃഷിയും പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ചമ്പക്കുളം - കൈനകരി റാണി കായലിൽ 210 ഹെക്ടർ, പുല്ലച്ചിറ പാടം 2 . 2 ഹെക്ടർ, കോഴിക്കോട് ജില്ലയിൽ ആവളപ്പാണ്ടി 120 ഹെക്ടർ, വെളിയാനച്ചാൽ 30 ഹെക്ടർ, കണ്ടംപേട്ടചിറ 160 ഹെക്ടർ മറ്റുള്ളവ 120 ഹെക്ടർ കോട്ടയം ജില്ലയിലെ മെത്രാൻ കായലിൽ 160 ഹെക്ടർ, പത്തനംതിട്ട ജില്ലയിലെ ആറന്മുള പാടശേഖരം 56 ഹെക്ടർ, വയനാട് 109 ഹെക്ടർ, മലപ്പുറം 250 ഹെക്ടർ, തൃശ്ശൂർ 444.67 ഹെക്ടർ എന്നിവയിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ 2016-17 - ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിൽ തരിശുഭൂമികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| ബി) പൊതുജനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | തരിശു നിലങ്ങളിൽ കൃഷി ചെയ്യുന്ന എല്ലാ പദ്ധതികളും പൊതുജനങ്ങളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹായ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. |
| സി) ഇതിനാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ എന്തെല്ലാം സഹായങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | സി) | കർഷകർക്ക് തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക സഹായം കൃഷിഭവൻ മുഖേന ലഭ്യമാക്കുന്നു. 700 ഹെക്ടർ തരിശുനിലം നെൽകൃഷി ചെയ്യുന്നതിനായി ഒറ്റത്തവണ സഹായധനമായി ഹെക്ടറിന് 30000/- രൂപ നൽകുന്നതിനുള്ള പദ്ധതിയും, |

700 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷിചെയ്യുന്നതിന് ഹെക്ടർ ഒന്നിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും ചേർത്ത് ആകെ 30000/- രൂപ ധനസഹായമായി നൽകുന്നു

ഡി) ഇപ്രകാരമുള്ള കൃഷിയ്ക്ക് പലിശരഹിത വായ്പ നൽകുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

ഡി) തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനും പഴം പച്ചക്കറി കൃഷിയ്ക്കും 3 ലക്ഷം രൂപ വരെയുള്ള തുക പലിശ രഹിത വായ്പയായി നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കവുങ്ങ്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകൾ) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വരൾച്ച വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടു തീ, എന്നിവ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും ഉണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് പരിരക്ഷ നിലവിലുണ്ട്.

ഇ) കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില കർഷകർക്ക് ലഭിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ സാധിയ്ക്കുമെന്ന് വ്യക്തമാക്കാമോ?

ഇ) കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില കർഷകർക്ക് ലഭിക്കുന്നതിന് കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നെല്ലിന് ന്യായവില ഉറപ്പു വരുത്തുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ലു സംഭരണവും, നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിന് കേരഫെഡിന്റെ സഹകരണ ത്തോടെ കൃഷി ഭവനുകളിലൂടെ പച്ചനാളികേര സംഭരണ പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ റബ്ബർ വിലയിടിവിന് പരിഹാരമായി റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും, 5 ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും, കർഷകർക്ക് കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം

ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും പഴം, പച്ചക്കറി കർഷകരെ രക്ഷപ്പെടുത്തു ന്നതിനും അവരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്തെ 14 ജില്ലകളിലുമായി 274 സ്വാശ്രയകർഷക സമിതികൾ പ്രവർത്തിച്ചുവരുന്നു. ഈ സമിതികളിൽ ഉല്പന്നങ്ങൾ ലേലം ചെയ്താണ് വിപണനം നടത്തുന്നത്. കൂടാതെ കർഷകർക്ക് ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കി ഹോർട്ടികോർപ്പ് കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നു

S. [signature]

**സെക്ഷൻ ഓഫീസർ**